സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - സർവ്വീസ് പെൻഷൻകാരുടെ മരണാനന്തര ചടങ്ങുകൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8003/16/Est-I** നന്തൻകോട്, 18/02/2026

---

പരാമർശം ഃ- (1) 11-12-2018 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
(2) 19-02-2025 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
(3) കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ ബഹു: ബോർഡ് പ്രസിഡന്റ് മുമ്പാകെ സമർപ്പിച്ച അപേക്ഷ.

## ഉത്തരവ്

സർവ്വീസ് പെൻഷൻകാർ മരണമടയുമ്പോൾ മരണാനന്തര ചടങ്ങുകൾക്കായി നൽകിവരുന്ന ധനസഹായം 5,000/- (അയ്യായിരം) രൂപയിൽ നിന്നും 7,500/- (ഏഴായിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പരാമർശം -2).

ടി ധനസഹായം 10,000/- രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷന്റെ അപേക്ഷ ലഭിച്ചു (പരാമർശം -3).

പ്രസ്തുത അപേക്ഷയിലെ ആവശ്യം ന്യായമാണെന്ന് ബോർഡ് വിലയിരുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസ് പെൻഷൻകാർ മരണമടയുമ്പോൾ മരണാനന്തര ചടങ്ങുകൾക്കായി നൽകിയിരുന്ന ധനസഹായം 7,500/- (ഏഴായിരത്തി അഞ്ഞൂറ്) രൂപയിൽ നിന്നും 10,000/- (പതിനായിരം) രൂപയായി വർദ്ധിപ്പിച്ച് ബോർഡുത്തരവാകുന്നു.

പ്രസ്തുത ആനുകൂല്യം പരാമർശം (1) ലെ വ്യവസ്ഥകൾ പ്രകാരം നൽകേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ
3. ഐ.റ്റി. ഡിവിഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK